“വിടില്ല ഞാനീ
രശ്മികളെ”*
– എന്റെ ഇടശ്ശേരി ദർശനം
മാങ്ങോട്ട് കൃഷ്ണകുമാർ

# ‘‘വിടില്ല ഞാനീ രശ്മികളെ”*

## – എന്റെ ഇടശ്ശേരി ദർശനം

മാങ്ങോട്ട് കൃഷ്ണകുമാർ

ഇടശ്ശേരി ഗോവിന്ദൻ നായർ ജീവിച്ചിരുന്ന കാലത്ത് ഒരു പ്രാവശ്യം പോലും അദ്ദേഹത്തെ കാണാൻ കഴിയാതെ പോയത് എന്നെ സംബന്ധിച്ചടത്തോളം ഒരു തീരാനഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ സ്ഥിരം വായനക്കാരും, പരിചയക്കാരും, സുഹൃത്തുക്കളും ആയ പലരും എന്റെ സുഹൃത്തുക്കളായിരുന്നിട്ടും ആ കതിർക്കനമുള്ള കവിതകളുമായി ഞാൻ ഇടപഴകുന്നത് അദ്ദേഹത്തിന്റ മരണ ശേഷം മാത്രമാണ്. കാണുമ്പോഴൊക്കെ വാക്തർക്കങ്ങളിലേർപ്പെടുകയും, വഴക്കിടുകയും ചെയ്യുമെങ്കിലും, പലതുകൊണ്ടും എന്റെ ഗുരുസ്ഥാനീയനായ ശ്രീ പി.കെ. അബ്ദുൾ റഹീമാണ് ഇടശ്ശേരിയെന്ന കവിയെക്കുറിച്ച് എന്നോട് ആവർത്തിച്ചു പറഞ്ഞിരുന്നത്. ജീവിതത്തിലെ തീക്ഷ്ണ യൗവ്വനസ്വപ്ന ലോകത്തിലായിരുന്ന എനിക്ക് അഭിമതരായ കവികളിൽ ഇടശ്ശേരിയ്ക്ക് ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. എന്റെ കാല്പനിക-പ്രേമ-കവിതാനുശീലന ശൈലിയെ പരിഹസിച്ച് റഹിം കൂടെക്കൂടെ പറയും. ‘ഞങ്ങൾ പൊന്നാനിക്കാർക്കുണ്ടെടോ ഒരു കവി – ഇടശ്ശേരി – അയാളാണ് ശരിയായ കവി. താൻ അയാളുടെ കവിത വായിക്ക്.’

അപ്പോഴൊന്നും എനിക്ക് ഇടശ്ശേരിയെ വായിക്കാൻ തോന്നിയില്ല.

പിന്നീട് – ജീവിതത്തിൽ സുഖം മാത്രമല്ല, ദുഃഖവും ഒരു സത്യം തന്നെയാണെന്ന് ശരിക്കും അറിയാൻ തുടങ്ങിയ കാലത്ത് – എന്റെ അനിയൻ (അയാളിപ്പോൾ ഇല്ല – ഞങ്ങളുടെ മനസ്സുകളിലൊഴികെ) പബ്ലിക് ലൈബ്രറിയിൽനിന്നു കൊണ്ടുവന്ന കവിതാസമാഹാരത്തിലെ ‘അമ്പാടിയിലേയ്ക്കു വീണ്ടും’ എന്ന കവിത വായിച്ചപ്പോഴാണ് ഇടശ്ശേരിയെ നേരത്തെ വായിച്ചില്ലല്ലോ എന്ന് മനം നൊന്തത്. ആ കവിത വായിച്ചപ്പോൾ എന്റെ മനസ്സ് ആർദ്രമാവുകയും, നിറഞ്ഞു കവിഞ്ഞ് തുളുമ്പുകയും, ഒടുവിൽ ആശ്വസിക്കപ്പെടുകയും ചെയ്തു. ഒരു കവിതയ്ക്ക് എന്നെപ്പോലെ സ്വപ്നജീവിയും, അല്പരസക്കാരനുമായ ഒരാളെ എന്തു മാത്രം സ്വാധീനിക്കാനാവും എന്ന് ആ കവിത എന്നെ പഠിപ്പിച്ചു. അത് വല്ലാത്തൊരു പാഠമായിരുന്നു. അതിലെ വരികൾ – അപ്പോഴേയ്ക്ക് ഉപനിഷദ് – രാമായണ – ഭാരത – ഭാഗവത പാരായണ പര്യടനങ്ങൾ, (അലക്ഷ്യവും വികലവുമാണെങ്കിലും,) നടത്തിക്കഴിഞ്ഞിരുന്ന എന്റെ മനസ്സിൽ സംശയങ്ങളുടെ ഒരായിരം കൂരമ്പുകളായി വന്നു തറച്ചു. അതുവരെ ഞാൻ ധരിച്ചുവച്ചിരുന്ന ജീവിത-ആദ്ധ്യാത്മിക ദർശനങ്ങളുടെ അടിത്തറകളിളകുകയും, ആലോചനകളുടെ കാളരാത്രി കഴിഞ്ഞപ്പോൾ ഒരു പുതിയ സൂര്യന്റെ ഇളവെയിൽ എന്റെ ജീവിതത്തിൽ നിറയുകയും, പ്രകാശം പരത്തുകയും ചെയ്തു.

പിന്നീടാണ് ഇടശ്ശേരിയുടെ പ്രസിദ്ധങ്ങളും പ്രഗൽഭങ്ങളുമായ മറ്റു കവിതകൾ വായിക്കുന്നത്. കൂട്ടത്തിൽ അത്രയേറെ പ്രശസ്തമല്ലാത്ത ‘ഉണ്ണികൃഷ്ണനോട്’ എന്ന കവിതയും. ആ വായന മനസ്സിനെ വീണ്ടും അങ്കലാപ്പിലാക്കി. ഇതെന്തൊരു കവി? ഇതെന്തൊരു കവിത? ഈ മനുഷ്യൻ എന്താണ് പറയുന്നത്? ‘അവിശ്രമദിനത്തിന്റെ’ വാതിൽ ചാരിയ ശേഷം ഒരു ദിവസം നേരിട്ട് കണ്ടിരുന്നെങ്കിൽ – എങ്കിൽ ചോദിക്കാമായിരുന്നു – ‘അപൂർണ്ണതകളെക്കൊണ്ട് പൂർണ്ണതകളെ അളക്കാൻ ശ്രമിക്കുന്ന എന്റെ ആത്മകവീ – ‘ഈ വാക്കു’കൊണ്ട് – ‘ഈ കുനി’കൊണ്ട് എന്താണ് താങ്കൾ ഉന്നം വച്ചത്? ‘ഒരുപക്ഷേ ഒരു ബീഡിപ്പുക മറച്ച പുഞ്ചിരിയിൽ അദ്ദേഹം മൗനം പൂണ്ട് എന്നെ സാകൂതം വീക്ഷിച്ചിരിക്കാം – പക്ഷേ, ഞാൻ സർവ്വശക്തിയുമെടുത്ത് ആ കവിതാഭാഗത്തെക്കുറിച്ച് പറയാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചേനെ.

അതൊന്നുമുണ്ടായില്ല; അനുവാചകർക്ക് അവരവരുടെ ഇഷ്ടംപോലെ തെറ്റോ ശരിയോ ആയ വ്യാഖ്യാനങ്ങൾ നൽകി തന്റെ കവിതയെ ഇകഴ്ത്തുകയോ, പുകഴ്ത്തുകയോ ആവാമെന്ന മട്ടിൽ ഒരുപാട് ഉജ്ജ്വലകവിതകളെ നമ്മുടെ മുമ്പിലവതരിപ്പിച്ച് ഒരു കുസൃതിച്ചിരിയോടെ ആ മഹാനടൻ അണിയറയിലേയ്ക്ക് മടങ്ങി.

“വിടില്ല ഞാനീ രശ്മികളെ”*
– എന്റെ ഇടശ്ശേരി ദർശനം
മാങ്ങോട്ട് കൃഷ്ണകുമാർ

പറഞ്ഞല്ലോ, ‘അമ്പാടിയിലേയ്ക്കു വീണ്ടും’ എന്ന കവിതയാണ് എന്നെ ഈ കവിയിലേയ്ക്ക് അടുപ്പിച്ചത്. അതിലെ ‘വിടില്ല ഞാനീ രശ്മികളെ’ എന്ന നിശ്ചയ ദാർഢ്യവും ‘പ്രപഞ്ചധർമ്മം മറ്റൊന്നാക്കുവിൽ ഈശ്വരന്മാരേ’ എന്ന അഭ്യർത്ഥനയുംകൊണ്ട് ശരിക്കും എന്താവാം കവി ലക്ഷ്യമാക്കിയിരിക്കുക? ഈ ചോദ്യത്തിന്റെ ഉത്തരമാണ് ഇടശ്ശേരിയുടെ ജീവിതദർശനത്തിന്റെ മുഖമുദ്രയായി ഞാൻ മനസ്സിലാക്കുന്നത്. ‘സമചിത്തത’ എന്ന അതീവ ദുർല്ലഭവും, അത്യന്തം വിവേകപൂർണ്ണവുമായ ഒരു ജീവിതവീക്ഷണത്തിന്റെ ഉൾക്കരുത്താണത്.

‘വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം.
(പൊട്ടി പുറത്ത്, ശീവോത് അകത്ത്)

എന്ന് അദ്ദേഹം പിന്നീട് ഉറപ്പിച്ചു പറയുന്നതും അതുകൊണ്ടാണ്.

ദുഃഖങ്ങളിൽ ക്ഷോഭിക്കാത്ത, സുഖങ്ങളിൽ ആഗ്രഹമില്ലാത്ത ഭഗവദ്ഗീതയിലെ സ്ഥിതപ്രജ്ഞനൊന്നുമല്ല ഈ കവി. ‘കണ്ണീരുപ്പു പുരട്ടിയ ജീവിതപലഹാര’ത്തെ ഇഷ്ടപ്പെടുകയും, സുഖിതസ്വപ്നങ്ങൾ കാണുകയും ചെയ്യുന്ന, തികച്ചും മനുഷ്യനായ ഇടശ്ശേരി അമർത്ത്യതയേക്കൾ ഇഷ്ടപ്പെട്ടത് മർത്ത്യതയെത്തന്നെയാണ്. ഈശ്വരനെക്കുറിച്ചുള്ള ചിന്ത തല്ക്കാലം നിർത്തിവെച്ച് ‘ക്ഷതത്തിൽ തേനിടുന്ന അൻപി’നെ തിരയുന്ന ‘സൗന്ദര്യാരാധന’ എന്ന കവിതയിലാണ് ഈ ദർശനത്തിന്റെ തിരനോട്ടം. അതിനുമുമ്പെഴുതിയ പള്ളിച്ചൂണ്ടൽ, ഭക്തഗായകൻ എന്നീ കുസൃതിക്കവിതകളിൽ ഭക്തിയെ പരിഹസിക്കുന്നുണ്ടെങ്കിലും, ദൈവവിലാസം ‘മർത്ത്യവികാരവായ്പ്പൊടു പിടഞ്ഞീടുന്ന ജീവന്റെ സൗന്ദര്യപ്രവാഹത്തിലൂടെ പ്രത്യക്ഷമാകുമ്പോൾ’ മാത്രമാണ് അഴകാവുന്നത് എന്നും, അന്നു മാത്രമേ, അധീശ്വരന്റെ തിരുകാൽത്താരിങ്കൽ ആത്മാർപ്പണം ചെയ്യേണ്ടതുള്ളൂ’ എന്നും ഉറക്കെ പ്രസ്താവിക്കുന്നത് ‘സൗന്ദര്യാരാധന’യിലാണ്. മനുഷ്യന്റെ പക്ഷം പിടിച്ചുള്ള ഈ യാത്രക്കിടയിലാണ് ഇടശ്ശേരി നിമ്നോന്നതങ്ങളിലൂടെ തേരോടിക്കാനിഷ്ടപ്പെടുന്ന ദാരുകനേയും, സചേലകളായ ഗോപികളേയും കണ്ടുമുട്ടുന്നത്.

3

’പരമാത്മാവിൻ തേരുമായി’ അമ്പാടിയിലേക്കു വരുന്ന ദാരുകനാണ് ‘അമ്പാടിയിലേയ്ക്കു വീണ്ടും’ എന്ന കവിതയിൽ ആദ്യം രംഗപ്രവേശം ചെയ്യുന്നത്. ദാരുകന്റെ മനോവ്യാപാരങ്ങളാണ് കവിതയിലെ ആദ്യഖണ്ഡം.

ഉപനിഷത്തുക്കളിലെ* മനോഹരമായ രഥരൂപകല്പനയിൽ ശരീരമാണ് രഥം; ആത്മാവ് തേരിന്റെ ഉടമസ്ഥൻ; കുതിരകളെ നിയന്ത്രിക്കുന്ന കടിഞ്ഞാണാണ് മനസ്സ്; ശബ്ദ, സ്പർശ, രൂപ, രസ, ഗന്ധങ്ങളാൽ ആകർഷിക്കപ്പെടുന്ന വിഷയങ്ങളാണ് കുതിരകളുടെ വഴികൾ. അങ്ങനെയുള്ള തേരിനെ ’സുദീർഘമായ വീഥി’യിലൂടെ ’സുഖിത സ്വപ്നം പോലെ നയിക്കാനാണ് തേരാളി കുതിരകളോട് ആവശ്യപ്പെടുന്നത്. പായുക പായുക എന്ന് ആവർത്തിക്കുന്നതുകൊണ്ട് കടിഞ്ഞാൺ (മനസ്സ്) അയച്ചിട്ടിരിക്കയാണെന്നു വ്യക്തം. എന്നാൽ കടിഞ്ഞാൺ കൈവിടില്ലെന്നു കവി പിന്നീട് പറയുന്നുമുണ്ട്. അമാനുഷികങ്ങളായ, നിത്യസുഖങ്ങൾ മാത്രമുള്ള കൊട്ടാരത്തിൽനിന്ന് – അതായത് അതീന്ദ്രിയാന ന്ദാനുഭൂതികളിൽനിന്ന് – ഐഹികതകളുടെ അമ്പാടിയിലേ ക്കുള്ള യാത്രാനുമതി ദാരുകൻ അനുഗ്രഹമായി കരുതുന്നു. മടുപ്പനായ കൊട്ടാരത്തിൽനിന്ന് ’സ്വന്തം ജീവിത മൂല്യ മടർത്തിപ്പന്താടുന്ന ഗോകുലത്തിലേക്കുള്ള മടക്കയാത്രയാണിത്. ജീവിതത്തിൽ മധുരം മാത്രം പോര, കണ്ണീരിന്റെ ഉപ്പും വേണമെന്നാണ് കവിയുടെ പക്ഷം. വിശപ്പുണ്ടാക്കാത്ത ഭക്ഷണം, വിയോഗമില്ലാത്ത പ്രണയം, രക്തം ചിന്താതെ ഒഴിഞ്ഞു കിട്ടുന്ന വിജയം – ഇവയൊക്കെ വിരോധിമാർക്കായി ദാരുകൻ നേരുന്നു. തനിക്കോ? തനിക്കീ രഥയാത്ര മതി. നിമ്നോന്നതങ്ങളിലൂടെയുള്ള ഈ സംസാരജീവിതം. പക്ഷേ ഒന്നു തീർച്ച. രഥം ഏതിരുൾക്കുഴിയിൽ വീണാലും കടിഞ്ഞാൺ (മനസ്സ്) വിടുകയില്ല. ഇവിടെ ’ഇരുൾക്കുഴി’ എന്ന പദവും ’രശ്മി’ എന്ന പദത്തിന്റെ ദ്വയാർത്ഥങ്ങളും (രശ്മി – കിരണം – കടിഞ്ഞാൺ) കവിതയ്ക്കു നൽകുന്ന കരുത്ത് കുറച്ചൊന്നുമല്ല. ഇനിയുമുണ്ട് തനിക്ക് രസപ്രദങ്ങളായ കാര്യങ്ങൾ. ’അത്യാസന്നോദയ’ങ്ങളായ വികാരങ്ങളുടെ കലങ്ങിമറിയൽ – ഹൃദയത്തിന്റെ അഗാധതകളിലെ

ചുഴികളിൽനിന്ന് മഥനം ചെയ്ത് പൊങ്ങിവരുന്ന 'സൗന്ദര്യ പ്രതിഭാസങ്ങൾ' – നിർവ്വികാരതയോ, നിസ്സംഗതയോ അല്ല എന്ന് കവി ഇവിടെ വ്യക്തമാക്കുന്നു. ശ്രദ്ധിക്കുക – 'നരകവാരിധിയിൽ 'നരനായിങ്ങനെ' ജനിച്ചു പോയതിൽ കവി വിലപിക്കുന്നില്ല. സംസാരം ഈ കവിക്ക് ദുസ്തരമായ സാഗരമല്ല. സുദീർഘമായ, നിമ്നോന്നതങ്ങൾ നിറഞ്ഞ രഥപഥം മാത്രമാണ്.

ദാരുകൻ കാണുന്ന ഗോകുലമാണ് രണ്ടാമത്തെ ദൃശ്യം. അവിടെ അയാൾ രാജധാനിയിലേക്ക് പാലും തൈരും കൊണ്ടു പോകുന്ന ഗോപന്മാരെ കാണുന്നു. ('ഗോരസം' എന്ന പദമാണ് ഇടശ്ശേരി തിരഞ്ഞെടുക്കുന്നത്. 'ഗോരസം' എന്ന വാക്കിന് 'നയനഭംഗി', 'ഇന്ദ്രിയസുഖം', എന്നീ അർത്ഥങ്ങളുമുണ്ടെന്നോർക്കുമ്പോൾ പദപ്രയോഗങ്ങളിൽ ഇടശ്ശേരി കാണിക്കുന്ന ശുഷ്കാന്തിയുടെ ചാരുത നമ്മെ അത്ഭുതപ്പെടുത്തും.) അവർ മുഷിഞ്ഞതും, അയഞ്ഞതുമായ ഉടുപ്പുകൾ ധരിച്ചിരിക്കുന്നത് വെറുതെയല്ല; 'ആനായർ കുലനിക്ഷേപത്തെ ഗോപനം' ചെയ്യുന്നതിനത്രെ, ആ നിക്ഷേപമോ, ദാരുകന്റെ തേരിലിരിക്കുന്ന പരമാത്മാവു തന്നെ. യാതൊരുവന്റെ 'ഭ്രൂകുടിവിക്ഷേപം' ഈ പ്രപഞ്ച കഥയുടെ സംക്ഷേപമാകുന്നുവോ, ആനിക്ഷേപത്തിന്റെ ഉടമകൾ ഈ ഇടയച്ചെറുക്കന്മാരണെന്ന് അറിയുമ്പോൾ ദാരുകൻ അത്ഭുതസ്തബ്ധനാകുന്നു, അലസരായ, സുഖ സമ്പന്നതകളിൽ മുഴുകുന്ന നഗരവാസികളല്ല, ഗോകുലത്തിലെ അദ്ധ്വാനശീലരായ ഗ്രാമീണരാണ് പരംപൊരുളിന്റെ അവകാശികൾ എന്ന് കവി ഇവിടെ സൂചിപ്പിക്കുന്നു. ('സർവ്വോദയമേളയിൽ' എന്ന കവിതയിലും ഈ ആശയം സൂചിപ്പിക്കപ്പെടുന്നുണ്ട്.

അടുത്തത്, വൃന്ദാവനത്തിലെ ചേതോഹരങ്ങളായ കാഴ്ചകളാണ്. കളിയാടുന്ന ബാലകന്മാർ, മേഞ്ഞുപുളച്ചോടുന്ന കാലികൾ, നീലക്കാർവർണ്ണനിൽനിന്ന് നീലിമ നേടിയ പുൽത്തകിടുകൾ, കുളിർകോരുന്ന മെയ്യാൽ കൃഷ്ണ വിമലസ്മരണ നില നിർത്തുന്ന കറുകപ്പുൽ കൂമ്പുകൾ, അതിരറ്റ സൗരഭ്യമുള്ള വൃന്ദാവനമടുമലരുകൾ – ദാരുകൻ ആഹ്ലാദഭരിതനായി കുതിരകളോട് വീണ്ടും പായുവാൻ നിർദ്ദേശിക്കുന്നു. (കവിതയിൽ ഈ ഭാഗത്ത് വരുന്ന മാറ്റം ശ്രദ്ധേയമാണ്. ഇവിടെ 'സുദീർഘവീഥി' 'പുരുസുഖ'– വർദ്ധിച്ച സുഖങ്ങളുള്ള – വീഥിയാകുന്നു. 'സുഖിത സ്വപ്നം' 'പുഷ്യൽ സ്വപ്ന'മാകുന്നു. ('പുഷ്യം' എന്നാൽ സകല ആഗ്രഹങ്ങളെയും പ്രദാനം ചെയ്യുന്നത് എന്നർത്ഥം.)

നോക്കുക – കുതിരകൾ (ഇന്ദ്രിയങ്ങൾ) രഥത്തെ (ശരീരത്തെ) നയിക്കുന്ന വഴികൾ! അകലെ നിന്നു വരുന്ന മാട്ടുവണ്ടികളുടെയും, കളിയാടുന്ന കുട്ടികളുടെയും 'ശബ്ദം'– കാലികളുടെയും നീലിമ പൂണ്ട പുൽത്തകിടികളുടെയും 'രൂപം' പാലിന്റെയും തൈരിന്റെയും 'രസം' 'കറുകപ്പുൽ ക്കൂമ്പുകളുടെ സ്പർശം' പൂക്കളുടെ 'ഗന്ധം' – ഇവയൊക്കെ നിറഞ്ഞതാണ് ആ വഴികൾ, ദാരുകന്റെ നിമ്നോന്നത പഥങ്ങളിലെ പുരുസുഖങ്ങൾ, ഇവിടെ പഞ്ചേന്ദ്രിയങ്ങളാൽ മനുഷ്യൻ അനുഭവിക്കുന്ന അനുഭൂതികളാണ് കവി ഒരു ചിത്രം പോലെ വരച്ചുകാണിക്കുന്നത്. കവിതയിൽ പ്രയോഗിച്ചിട്ടുള്ള 'പ്രപഞ്ചകഥ', 'ഗോരസം', 'കാണും ശാദ്വലമേ', 'കുളിർ കോരുന്ന മെയ്യ്' 'സൗരഭം'എന്നീ പദങ്ങൾ ഈ അർത്ഥ കല്പനയിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്.

വൃന്ദാവനത്തിലെ തേൻ നിറഞ്ഞ പൂക്കളോട് ദാരുകൻ പറയുന്നു. 'ഇതാ വരുന്നു എന്റെ രഥത്തിൽ തീരാദാഹത്തോ ടൊരു കരിവണ്ട്.' (ഇവിടെ കരിവണ്ട് എന്ന പ്രയോഗം ശ്രീമദ് ഭാഗവതത്തിലെ 'ഭ്രമരഗീത'ത്തെ അനുസ്മരിപ്പിക്കുന്നു. ഭാഗവതകഥയിൽ കൃഷ്ണദൂതുമായി അമ്പാടിയിലേക്കു വരുന്നത് ഉദ്ധവനാണ്. ഉദ്ധവനും ഗോപികമാരും കണ്ടുമുട്ടുന്ന സമയത്ത് അവർക്കിടയിൽ വന്നു ചേരുന്ന കാർവണ്ടിനോടെന്നപോലെ ഗോപികകൾ ഉദ്ധവനോട് ആവലാതികൾ പറയുന്ന സന്ദർഭമാണ് 'ഭ്രമരഗീതം' 'മധുപകിതവബന്ധോ' എന്നു തുടങ്ങുന്ന സുപ്രസിദ്ധമായ ഈ ഭാഗത്തിൽ ഗോപസ്ത്രീ വദനാരവിന്ദങ്ങളിൽ നിന്ന് ഒരിക്കൽ തേൻകുടിച്ചശേഷം പിരിഞ്ഞുപോയ കൃഷ്ണനെ ആ വണ്ടിനോടാണ് സാമ്യപ്പെടുത്തുന്നത്.)

പിന്നീട് ദാരുകൻ നേരിടുന്നത് കാളിന്ദിയിൽ നീരാടാൻ പോകുന്ന' ഗോപപെണ്ണുങ്ങളെയാണ്. ഇവരുടെ വാക്കുകളി ലാണ് കവി മറഞ്ഞിരിക്കുന്നത്. ഇവിടെയെത്തു മ്പോൾ രഥം പെട്ടെന്ന് നിന്നുപോകുന്നു. നിർത്തിയ രഥം കണ്ട് ഗോപികമാർ അത്ഭുതപ്പെടുന്നു. 'അമ്മയെ കാണാൻ പോകുന്ന ചിരപ്രതീക്ഷിതനായ ഈ ദേവനെ നീയെന്തിനു വെറുതേ താമസിപ്പിക്കുന്നു?

ഇദ്ദേഹം ഞങ്ങളെ അറിയില്ലല്ലോ’ എന്ന് അവർ ദാരുകനോട് ചോദിക്കുന്നു. ഇവിടെ ഗോപസ്ത്രീകൾ ദാരുകനെ ചോദ്യം ചെയ്യുകയല്ല, സ്വയം ചോദിക്കുകയാണ്. അവരുടെ മനസ്സിലേക്ക് നോക്കുക. ഞങ്ങളുടെ ദേഹാഭിമാനമാകുന്ന ചേലകൾ മാറ്റി ഈ ദേവൻ ഒട്ടിട ഞങ്ങളെ ഭർത്തൃപുത്രപിതൃബന്ധത്തിൽ നിന്ന് മുക്തരാക്കുകയുണ്ടായി. മർത്ത്യതയിൽ നിന്ന് അമർത്ത്യത യിലേക്കു ഉയർത്തുകയും ചെയ്തു. പക്ഷെ ആ ദേവൻ ഇപ്പോൾ ഞങ്ങളെ അറിയാൻ സാദ്ധ്യതയില്ല. കാരണം അന്നു ഞങ്ങൾ അമ്മമാരോ, സഹോദരിമാരോ, ഭാര്യമാരോ ആയിരുന്നില്ല. കുടുംബ ബന്ധങ്ങളിൽനിന്നു മുക്തരായി കാനന കേളീലോലകളായി നടക്കുകയായിരുന്നു. എന്നാൽ ഇപ്പോഴോ? ഇപ്പോൾ ഞങ്ങൾ സചേലകളത്രെ. രാവിൻ ഛായകളും, കാളിന്ദീജലകാളിമയും, കാട്ടിൻ പച്ചപ്പുമാണ് ഞങ്ങൾക്ക് അഭിമതങ്ങളായ ചേലകൾ. ഈ ചേലകളണിഞ്ഞ ഞങ്ങളെ – ലൗകിക ജീവിതത്തിലെ നിമ്നോന്നതങ്ങളായ വഴികളിലൂടെ ഇന്ദ്രിയ സുഖദുഃഖങ്ങളുമായി യാത്ര ചെയ്യുന്ന ഈ ഞങ്ങളെ ആ പരമാത്മാവ് അറിയാനിടയില്ല. (മൃത്യോർ മാ അമൃതം ഗമയ’ എന്ന് ഇടശ്ശേരി പ്രാർത്ഥിക്കുന്നില്ല) അവർ വീണ്ടും ചോദിക്കുന്നു. അന്തഃപുരത്തെ (മനസ്സിന്റെ ഉള്ളിനെ എന്നും അർത്ഥം) ലക്ഷ്യമാക്കുന്ന ഈ ദേവന്റെ രാജരഥം, ഹേ ദാരുക, നീയെന്തിന് ഈ ഐഹികതകളുടെ അമ്പാടിയി ലേക്കു കൊണ്ടുവന്നു? നീ ശിക്ഷാർഹൻ തന്നെ.’

ഇവിടെ പ്രയോഗിച്ച കാവ്യബിംബങ്ങൾ ശ്രദ്ധിക്കുക. കവിതയെ അർത്ഥപൂർണ്ണമാക്കുന്ന ഇത്തരം കാവ്യബിംബ പ്രയോഗങ്ങളിലാണ് ഇടശ്ശേരിക്കവിത തനിമയാർജ്ജിക്കു ന്നത്. അഭിമത ചേലകളായി സ്വീകരിച്ചിരിക്കുന്ന കൃഷ്ണ വർണ്ണസ്മരണ നിലനിർത്തുന്ന ഈ ബിംബങ്ങൾ – ‘രാവിൻ ഛായകൾ’, ‘കാളിന്ദീജലകാളിമ’, ‘കാട്ടിൻ പച്ചപ്പ്’ (മൂന്നുകൊണ്ടും നഗ്നത മറയ്ക്കാം) – ദൈവദത്തമായ പ്രകൃതി യിലെ അനുഭവങ്ങൾ തന്നെ. (പഞ്ചേന്ദ്രിയ സുഖദുഃഖങ്ങൾ ദൈവദത്തമാണെന്ന് ‘പൂജാപുഷ്പം’ എന്ന കവിതയിലും ഇടശ്ശേരി പ്രസ്താവിക്കുന്നുണ്ട്) അത് സുഖത്തെയും ദുഃഖത്തെയും പ്രദാനം ചെയ്യുന്നു. രണ്ടിനേയും ഒരുപോലെ സ്വീകരിക്കുന്ന ഈ പ്രാപഞ്ചികജീവിതം തന്നെയാണ് കവിക്കഭിമതം. ഇന്ദ്രിയസുഖദുഃഖങ്ങളിലേക്ക് രഥംനയിക്കുന്ന തേരാളി (ബുദ്ധി) വേദജ്ഞരുടെ അഭിപ്രായത്തിൽ ശിക്ഷാർഹനാ യേക്കാമെന്ന് കവി വിവക്ഷിക്കുന്നു. എന്നാൽ അടുത്ത വരികൾ നോക്കുക:

> ‘ദേവനെയും വിട്ടോടുകയാണോ
> തേരേ നീ നിലനിന്നാലും
> ഗോപികാഹൃദയാന്തർവേദിയി-
> ലക്രൂരന്റെ രഥംപോലെ!’

ശരീരം അതിന്റെ ഉടമസ്ഥനായ ആത്മാവിനെ വിട്ട് ഓടുകയാണോ എന്ന് കവി ശങ്കിക്കുന്നു. പക്ഷേ ഗോപികാ ഹൃദയാന്തർവേദിയിൽ നിന്ന രഥംപോലെ നിലനില്ക്കാനാ ണ് രഥത്തിനോട് പറയുന്നത്. (സൂര്യോദയത്തിൽ കൃഷ്ണനുമായി അമ്പാടിയിൽ നിന്നു പുറപ്പെട്ട അക്രൂരരഥം വായു വേഗത്തിൽ പോയെങ്കിലും ഉച്ചയായിട്ടും കാളിന്ദീ വരെ മാത്രമേ എത്തുന്നുള്ളൂ. ഇത് ഗോപികളെ സമാധാനിപ്പിക്കാൻ വേണ്ടി അക്രൂരരഥം നിർത്തേണ്ടി വന്നതുകൊണ്ടാണ് എന്ന് ഭാഗവത വ്യാഖ്യാതാവായ പണ്ഡിറ്റ് ശ്രീ. പി. ഗോപാലൻ നായർ അഭിപ്രായപ്പെടുന്നു.)

ഇതിനുശേഷമാണ് ‘ധർമ്മശാസ്ത്രകുറിമാനം’തെല്ലിട നിർത്ത’ാൻ മഹർഷിമാരോട് അപേക്ഷിക്കുന്നത്. ‘പ്രപഞ്ച ധർമ്മം മറ്റൊന്നാക്കുവിൻ’ എന്ന ഈശ്വരന്മാരോട് പ്രാർത്ഥി ക്കുന്നതും. എന്നിട്ടോ അവരോട് സമ്മതം ചോദിച്ചുകൊണ്ട് കവിയും ഗോപികമാരും പാടുന്നു. ‘ഇവിടെ ഗോപികൾ അശ്രുതപൂർവ്വക’മായ ഒരു നാടകമാടട്ടെ.’ (അശ്രുതം എന്ന വാക്കിന് കേൾക്കാത്തത് എന്നും വേദവിരുദ്ധം എന്നും അർത്ഥമുണ്ട്.) ഇവിടെ ഞങ്ങളുടേതായ സങ്കല്പലോകം പണിയട്ടെ. ഞങ്ങൾക്ക് അമാനുഷികത്വം വേണ്ട – മോക്ഷം വേണ്ട – ഞങ്ങൾക്കൊന്നു മാത്രം മതി കൃഷ്ണാ – നീ മുന്നേപ്പോലെ ഈ കാളിന്ദീതടവിടപത്തിൽ പ്രഭാതകിരണ പ്പൂക്കൾ വിരിഞ്ഞ ഈ കൊമ്പിലിരുന്ന്, പുരികക്കൊടികളാൽ താളമിട്ട് നിന്റെ വേണുഗാനം ഞങ്ങളെ കേൾപ്പിച്ചാൽ മതി. (വിടപം = വൃക്ഷശാഖ. വിടന്മാർ ഇരിക്കുന്ന സ്ഥലം എന്നും അർത്ഥം.

“വിടില്ല ഞാനീ
രശ്മികളെ”*
– എന്റെ ഇടശ്ശേരി ദർശനം
മാങ്ങോട്ട് കൃഷ്ണകുമാർ

വിടൻ=സ്ത്രീകളെ പ്രാപിക്കുകയും അനുഭവിച്ചു കഴിഞ്ഞാൽ വെടിഞ്ഞു പോവുകയും ചെയ്യുന്ന വിഷയല മ്പടൻ.) ചേലകൾ മാത്രമല്ല ഞങ്ങളുടെ ചേതനതന്നെ നീ വാരിയെടുത്തു കൊള്ളുക; മധുരമായി പുഞ്ചിരിച്ചുകൊണ്ട് അവ നിന്റെ ചുറ്റും തൂക്കിക്കൊള്ളുക. ഞങ്ങൾ ദേഹാഭിമാന മുള്ളവരായതു കൊണ്ട് വ്രീളാവിവശരാകും – ഞങ്ങൾ മിഴിയും പൂട്ടി കിടക്കുമ്പോൾ, ഹേ കാരുണ്യാത്മൻ, നിന്റെ ആ ഓടക്കുഴൽ വിളിയാൽ നീ ഞങ്ങളെ മൂടുക. ഇതുമാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന. നിരുദ്ധകണ്ഠമായി കവിത ഇവിടെ അവസാനി ക്കുന്നു.

ഈ സാങ്കല്പികരംഗം ‘അശ്രുതപൂർവ്വകം’ തന്നെയാണ്, വേദാന്തികളുടെ ഈശ്വര, ബ്രഹ്മസങ്കല്പങ്ങൾക്ക് ഇതൊരു പക്ഷേ നിരക്കാത്തതായിരിക്കാം. എങ്കിലും ഇത് നിരീശ്വര വാദിയുടെ കവിതയല്ല. പ്രാപഞ്ചിക ജീവിതത്തിലെ സുഖദുഃഖങ്ങൾ അനുഭവിക്കുമ്പോഴും ഈശ്വരസാമീപ്യത്തി ന്നും, കാരുണ്യത്തിന്നും വേണ്ടി കൊതിക്കുന്ന സാധാരണ ക്കാരന്റെ ഭക്തിനിർഭരമായ കവിതയാണ്.

ലൗകിക സാധാരണങ്ങളായ സുഖദുഃഖങ്ങളുടെ ഭാണ്ഡവും ചുമന്ന് നടക്കുന്ന മനുഷ്യന്ന് ഈ ഭാണ്ഡം ഉപേക്ഷിക്കൽ അത്ര സുകരമല്ല. വല്ലപ്പോഴും ഒന്നിറക്കി വെച്ചാൽ അത്രയും ആശ്വാസം എന്നേ കരുതേണ്ടതുള്ളൂ. അത്തരം ആശ്വാസ ത്തിന്റെ വേണുഗാന പ്രവാഹത്തിൽ മനസ്സു കുളിർപ്പി ക്കാനാണ് ഗോപികമാരും കവിയും പ്രാർത്ഥിക്കുന്നത്.

**4**

സുഖങ്ങൾ അനുഭവിക്കുന്ന പഞ്ചഭൂതാത്മകമായ ശരീരവും, പഞ്ചേന്ദ്രിയങ്ങളും തന്നെയാണ് ദുഃഖത്തെയും പ്രദാനം ചെയ്യുന്നത് എന്ന് ഇടശ്ശേരി വിശ്വസിച്ചിരുന്നതിന്റെ തെളിവാണ് ‘പൂജാപുഷ്പം’ എന്ന ദുഃഖപൂരിതമെങ്കിലും വാചാലമല്ലാത്ത വിലാപകവിത. ഇതിൽ ക്രൂരതയ്ക്ക് കൃതജ്ഞതാപൂർവ്വം കവി അർപ്പിക്കുന്ന പൂജാപുഷ്പമാണ് ‘ദയാമയൻ’ എന്ന വിശേഷണം.

‘ദൈവത്തെക്കൊണ്ടു പാവിട്ടും
മർത്ത്യനൂടായുമങ്ങിനെ
നെയ്തുവെച്ചൊരു സാമൂഹ്യ
ജീവിതം ചിരസുന്ദരം’ എന്ന് ‘വരദാന’ത്തിലും
‘വേർപിരിയാതേവേണമനുത്തമ
ജീവിതനാടകമാടീടാൻ’

എന്ന് ‘ഗോപികാ ഗോവിന്ദ’ത്തിലും ഈ കവി പാടുന്നുണ്ട്. എന്നാൽ വേദാന്തത്തിന്റെ അടിവേരുകൾ തേടിപ്പോകാൻ ഈ കവി കൂട്ടാക്കുന്നില്ല.

‘കടവേരുകിളയ്ക്കട്ടെ
കഷായത്തിന്നു യോഗികൾ;
നീലക്കരിമ്പേ നിൻ തണ്ടാ–
ണരോഗനിവനുത്തമം’

എന്നാണ് ‘ഉണ്ണികൃഷ്ണനോട്’ എന്ന കവിതയിൽ കവിക്കു പറയാനുള്ളത്. ഈശ്വരചൈത ന്യം പ്രപഞ്ചത്തിലെ കാണപ്പെടുകയും, കേൾക്കപ്പെടുകയും ചെയ്യുന്ന വസ്തു ക്കളിൽ പ്രതിഫലിക്കുമ്പോൾ ഈശ്വരൻ അദൃശ്യനായാലെ ന്ത് എന്നും ഇടശ്ശേരി ഈ കവിതയിൽ ചോദിക്കുന്നു. തന്റെ അവസാനത്തെ കവിത യിൽ, സുഹൃത്തിനോട് പറയുന്നത് ‘ഹാ, ശിക്ഷിക്കിലും വിടായ്ക ഉടുപുടത്തു മ്പ്’ എന്നും ‘പരംപൊരുളിനെ കെട്ടിപ്പിടിക്കൂ ദൃഢം’ എന്നുമാണ്.

ആദർശങ്ങളും പ്രായോഗികജീവിതവും പൊരുത്തപ്പെടാതെ പോകുന്ന സന്ദർഭ ങ്ങളിൽ ‘ഇഹലോകവാസ’ത്തിന്റെ ശ്രേഷ്ഠതയിലാണ് (സുഖലോലുപതയിലല്ല) ഇടശ്ശേരിക്കവിതകൾ പക്ഷം ചേരുന്നത്. ‘ബുദ്ധനും ഞാനും നരിയും’, ‘കുറ്റിപ്പുറം പാലം’, ‘തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ’, ‘പൊട്ടിപുറത്ത് ശീവോതി അകത്ത്’, ‘ആശാൻ പറഞ്ഞത്’ എന്നിങ്ങിനെ നിരവധി കവിതകളിൽ പ്രായോഗികമല്ലാത്ത തീക്ഷ്ണമായ ആദർശാനുഷ്ഠാനങ്ങളെ ഈ കവി നിശിതമായി വിമർശിക്കുന്നു മുണ്ട്.

ഇങ്ങനെ നിരവധി കവിതകളിൽ ഇടശ്ശേരിയുടെ ആദ്ധ്യാത്മി ക ബോധത്തിന്റെ നിഴലാട്ടങ്ങളുണ്ടെങ്കിലും, അദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തിന്റെ ശരിയായ പ്രതിഫലനം ‘അമ്പാടി യിലേക്ക് വീണ്ടും’ എന്ന കവിതയിലാണ്.

“വിടില്ല ഞാനീ
രശ്മികളെ”*
– എന്റെ ഇടശ്ശേരി ദർശനം
മാങ്ങോട്ട് കൃഷ്ണകുമാർ

സുഖദുഃഖ സമ്മിശ്രമായ ജീവിതത്തിൽ സുഖം മാത്രം ലക്ഷ്യമാക്കുന്നവർക്കുള്ള ഒരുപദേശം കൂടിയാണ് ഈ കവിത. ഇവിടെ സുഖമെന്ന പദത്തിന്ന് വ്യാവഹാരിക തലത്തിലും, ആദ്ധ്യാത്മികതലത്തിലും പ്രസക്തിയുണ്ട്. സുഖപ്രാപ്തിയും ദുഃഖ നിവൃത്തിയുമാണല്ലോ മനുഷ്യൻ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. പ്രാപഞ്ചിക ജീവിതത്തിൽ സുഖമാണെന്ന് നാം വിശ്വസിക്കുന്ന അനുഭവങ്ങൾ – സ്നേഹം പോലും – ദുഃഖകാരണമായി മാറു ന്നു. അതുകൊണ്ടാണ് ഐഹികജീവിതത്തിലെ ക്ഷണികങ്ങളായ ഐന്ദ്രിയ സുഖങ്ങളെ വെടിഞ്ഞ് പരമാനന്ദാനുഭൂതിക്കുവേണ്ടി നിസ്സംഗമായ ജീവിതം നയിക്കുവാൻ ആത്മീയവാദികൾ ആവശ്യപ്പെടുന്നത്. ശരിയായ വഴി ഇതിനു രണ്ടിനുമിടയിലാണെന്നാണ് ഇടശ്ശേരിയുടെ പക്ഷം. ഐഹികതകളുടെ നടുവിൽ ഐന്ദ്രിയ സുഖങ്ങൾക്കു പിറകേ പായുമ്പോഴും കടിഞ്ഞാൺ കൈ വിടാതിരുന്നാൽ മതി. വഴികൾ നിമ്നോന്നതങ്ങളായി ക്കൊള്ളട്ടെ; രഥം ഏതിരുൾക്കുഴിമേലും ഉരുളട്ടെ; കർമ്മനിരതമായ ജീവിത ത്തിന്റെ ലക്ഷ്യം തെറ്റാതിരിക്കാൻ മനസ്സാകുന്ന കടിഞ്ഞാൺ കൈവിടാതിരി ക്കുക. ഇതേ കവിക്കു പറയാനുള്ളൂ.

അദ്വൈതികളെ വാക്തർക്കത്തിൽ തോല്പിക്കാൻ വിഷമമുണ്ടാകാം. എന്നാൽ കർമ്മോത്സുകരായി, നിമ്നോന്നതങ്ങളായ വഴികളിലൂടെ, കടിഞ്ഞാൺ കൈവിടാതെ തേരോടിക്കുന്ന, ‘അത്യാസന്നോദയ വികാരവിപ്ലവങ്ങൾ ഇഷ്ടപ്പെടുകയും, ‘അഗാധ ഹൃദയ ഹ്രദ മഥനോത്ഥിത സൗന്ദര്യ പ്രതിഭാസ’ങ്ങൾ രസിക്കുകയും ചെയ്യുന്ന ഈ സചേലകളുടെ സംഗീതം ഏതീശ്വരനാണ് ഇഷ്ടപ്പെടാതിരിക്കുക?

അനിയന്ത്രിതമായ എന്റെ ജീവിതയാത്രയ്ക്ക് ദിശാബോധം തന്നത് ഇടശ്ശേരി ക്കവിതകളാണ്. ഇപ്പോൾ എന്റെ ജീവിതരഥം ഏതിരുൾക്കുഴിമേലുരുളുമ്പോഴും ഞാനും ഏറ്റുപാടുന്നു:– ‘വിടില്ല ഞാനീ രശ്മികളെ.’

റഹീമിനു നന്ദി. ●